**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 53** **23-08-2022 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. പത്താം തരം പൊതുപ്രാഥമിക പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി. പത്താം തരം പൊതുപ്രാഥമിക പരീക്ഷയിൽ ഇതുവരെ എത്ര ഘട്ടങ്ങൾ നടന്നുവെന്നും ഇനിയെത്ര ഘട്ടം ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | പത്താതരം പൊതു പ്രാഥമിക പരീക്ഷ ആറ് ഘട്ടങ്ങളിലായി പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | ഇതുവരെ നടന്ന പരീക്ഷയുടെ നിലവാരം വ്യത്യസ്ത നിലയിലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചോദ്യപ്പേപ്പറുകളുടെ രഹസ്യാത്മകത പരമാവധി കാത്തു സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാലും, ചോദ്യകർത്താക്കൾ തമ്മിൽ പരസ്പരം ബന്ധപ്പെടുവാൻ യാതൊരു സാഹചര്യവും പി. എസ്. സി സ്വീകരിക്കാത്തതിനാലുമാണ് ഒരേ സിലബസ്സ് ഉപയോഗിച്ച് പല ഘട്ടങ്ങളിലായി നടത്തുന്ന പരീക്ഷകളിൽ ചോദ്യങ്ങളുടെ നിലവാരത്തിൽ ചില ഏറ്റക്കുറച്ചിലുകൾ സംഭവിക്കുന്നത്.<br><br>ഭാവിയിൽ ഒരേ സിലബസുപയോഗിച്ച് ഒന്നിലധികം ഘട്ടങ്ങളിലായി നടത്തുന്ന പരീക്ഷകളിൽ നിലവിലുള്ള രീതിയിൽ ചോദ്യങ്ങളുടെ നിലവാരത്തിൽ ഏകീകൃത സ്വഭാവം സ്വീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി സ്വീകരിക്കുന്നതാണ്. |
| (സി) | പരീക്ഷയുടെ കട്ട് ഓഫ് മാർക്ക് എങ്ങനെ നിശ്ചയിക്കുന്നതിനാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | ഏതെങ്കിലും തെരഞ്ഞെടുപ്പിന് ഉദ്യോഗാർത്ഥികളുടെ ബാഹുല്യം നിമിത്തം ഒരു ഘട്ടമായി പരീക്ഷ നടത്തുന്നത് അസാധ്യമായി വരുന്ന അവസരങ്ങളിലാണ് ജില്ല തിരിച്ച് വിവിധ തീയതികളിലായി പരീക്ഷ നടത്തുന്നത്. തുടർന്ന് ഒരു പരീക്ഷയുടെ വിവിധ ചോദ്യപ്പേപ്പറുകളിലെ ഓരോ ചോദ്യത്തിന്റേയും difficulty level താരതമ്യം ചെയ്ത് മാർക്ക് normalise (standardise) ചെയ്താണ് ചുരുക്ക പട്ടിക / അർഹത പട്ടിക പ്രസിദ്ധീകരിക്കുന്നത്. ഇത്തരത്തിൽ മാർക്കുകൾ ക്രമീകരിക്കുന്നതിന് ഒരു വിദഗ്ധ സമിതിയ്ക്ക് കമ്മീഷൻ രൂപം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ടി സമിതിയുടെ ശുപാർശകൾക്ക് അനുസൃതമായാണ് മാർക്ക് ക്രമീകരണം നടത്തുന്നത്. |
| (ഡി) | പരീക്ഷയുടെ നിലവാരത്തിനനുസരിച്ച് വ്യത്യസ്ത കട്ട് ഓഫ് മാർക്ക് നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഏതെങ്കിലും തെരഞ്ഞെടുപ്പിന് ഉദ്യോഗാർത്ഥികളുടെ ബാഹുല്യം നിമിത്തം ഒരു ഘട്ടമായി പരീക്ഷ നടത്തുന്നത് അസാധ്യമായി വരുന്ന അവസരങ്ങളിലാണ് ജില്ല തിരിച്ച് വിവിധ തീയതികളിലായി പരീക്ഷ നടത്തുന്നത്. തുടർന്ന് ഒരു പരീക്ഷയുടെ വിവിധ ചോദ്യപ്പേപ്പറുകളിലെ ഓരോ ചോദ്യത്തിന്റേയും difficulty level താരതമ്യം ചെയ്ത് മാർക്ക് normalise (standardise) ചെയ്താണ് ചുരുക്ക പട്ടിക / അർഹത പട്ടിക പ്രസിദ്ധീകരിക്കുന്നത്. ഇത്തരത്തിൽ മാർക്കുകൾ ക്രമീകരിക്കുന്നതിന് ഒരു വിദഗ്ധ സമിതിയ്ക്ക് കമ്മീഷൻ രൂപം നൽകിയിട്ടുണ്ട്. ടി സമിതിയുടെ ശുപാർശകൾക്ക് അനുസൃതമായാണ് മാർക്ക് ക്രമീകരണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ